പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 886 30.11.2018 ൽ മറുപടിയ്ക്ക്

## പരിസ്ഥിതി ലോല മേഖല മാനദണ്ഡങ്ങളിൽ ഭേദഗതി

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | വനഭൂമി മാത്രം കണക്കാക്കിയും ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കിയും പരിസ്ഥിതി ലോല മേഖല (ഇ.എസ്.എ.) യുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പരിസ്ഥിതി ലോല മേഖലയുള്ള ശുപാർശകൾ പരിസ്ഥിതി വകുപ്പിൽ നിന്നുമാണ് നൽകുന്നത്. കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളേയും കൃഷിയിടങ്ങളേയും ഒഴിവാക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിക്കുകയും എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് പരിസ്ഥിതി വകുപ്പ് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷിപ്ത വനങ്ങൾ , സംരക്ഷിത മേഖലകൾ , ലോക പൈതൃക പ്രദേശങ്ങൾ എന്നിവയെ മാത്രമേ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്താവൂ എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം – I വില്ലേജിനെ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയിൽ നിന്നും ഒഴിവാക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ